"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2386 12.03.2020 ൽ മറുപടിയ്ക്ക്

### തേക്കടി - ആനവച്ചാൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ

| | ചോദ്യം<br>ശ്രീമതി. ഇ.എസ്.ബിജിമോൾ : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ആനവച്ചാൽ പാർക്കിംഗ് ഗ്രൗണ്ടി നോടനുബന്ധമായി വിനോദസഞ്ചാര വകുപ്പിന്റെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് ഇടുക്കി ഡി.ടി.പി.സി. പെർമിസീവ് സാംങ്ഷൻ ആവശ്യപ്പെട്ട് കേരള ഫോറസ്റ്റ് ആൻഡ് വൈൽഡ് ലൈഫ് ഡയറക്ടർക്ക് നൽകിയിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ആനവച്ചാൽ പാർക്കിംഗ് ഗ്രൗണ്ടിൽ ഫെസിലിറ്റേഷൻ സെന്റർ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഡി.ടി.പി.സി. സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ അനുമതി നല്കുന്നതിന്, 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ഫോറസ്റ്റ് ക്ലിയറൻസും കേന്ദ്ര വന്യജീവി ബോർഡിന്റെ ക്ലിയറൻസും ആവശ്യമായതിനാൽ ആയതിലേയ്ക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രതീക്ഷിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി വനം വകുപ്പിൽ നിന്ന് ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | പെരിയാർ കടുവാ സങ്കേതത്തിൽപ്പെട്ട വനഭൂമിയിൽ ഡി.ടി.പി.സി.-യ്ക്ക് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് 1980 - ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള ക്ലിയറൻസും ദേശീയ വന്യജീവി ബോർഡിന്റെ വൈൽഡ് ലൈഫ് ക്ലിയറൻസും ആവശ്യമാണ്. പ്രസ്തുത ക്ലിയറൻസുകൾ ലഭിക്കുന്നതിലേയ്ക്കായി യൂസർ ഏജൻസിയായ ഡി.ടി.പി.സി. പ്രത്യേകം അപേക്ഷകൾ parivesh.nic.in എന്ന MoEF-ന്റെ വെബ് സൈറ്റിൽ ഓൺ ലൈൻ മുഖാന്തരം സമർപ്പിക്കേണ്ടതാണ്. ഡി.ടി.പി.സി. ഇപ്രകാരം അപേക്ഷകൾ സമർപ്പിച്ചു കഴിഞ്ഞാൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ